(ബി) ഓരോ പഞ്ചായത്തിലും ഇനി തീർപ്പാക്കാനുള്ള അപേക്ഷകളെ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പട്ടയവിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മുതലമട പഞ്ചായത്തിലെ ഹിയറിംഗ് കഴിഞ്ഞ എത്ര പ്രസ്തുത അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്, ആയത് എന്ന് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ ഉടമസ്ഥതയിലുള്ള ഭൂമി പതിവ് അപേക്ഷകളിൽ 2010 വരെയുള്ളവ തീർപ്പാക്കിയിട്ടുള്ളവയാണ്. റബ്ബർ പ്ലാന്റേഷൻ, മലയോരഭൂമി, വനഭൂമി എന്നിവയിലുൾപ്പെട്ട അപേക്ഷകളിൽ ഭൂമി പതിവ് ചട്ടം അനുശാസിക്കുന്നവയിൽ കൂടുതൽ ഭൂമി കൈവശമുള്ള അപേക്ഷകളിൽ 10 വർഷത്തിൽ കൂടുതൽ കാലയളവുള്ള അപേക്ഷകൾ തുടങ്ങിയവ തീർപ്പായിട്ടില്ലാത്തവയുണ്ട്.

(ബി) മുതലമട - 29, എലവഞ്ചേരി - 3, നെന്മാറ - 31, അയിലൂർ - 5, കയറാടി - 29, പല്ലശ്ശന - 10, കൊല്ലങ്കോട് - 9, വല്ലങ്ങി - 71, നെല്ലിയാമ്പതി - 86, തിരുവാഴിയാട് - 10.

(സി) ഉണ്ട്. വില്ലേജ് ഓഫീസർമാർക്ക് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നടപടി പൂർത്തിയായവ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നുമുണ്ട്.

(ഡി) മുതലമട ഗ്രാമപഞ്ചായത്തിൽ ഭൂമി പതിവ് കമ്മിറ്റി പാസ്സാക്കിയ കേസുകൾ ബാക്കിയില്ലാത്തതാണ്. നിലവിൽ 29 അപേക്ഷകൾ ബാക്കിയുണ്ട്. ആയതിന്മേൽ ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു.

പുതുതായി ആരംഭിച്ച താലൂക്കുകൾ

128(3007) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി എത്ര താലൂക്കുകൾ ആരംഭിക്കുമെന്നാണ് ഈ സർക്കാർ പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ എത്ര താലൂക്ക് ഓഫീസുകൾ ആരംഭിച്ചെന്ന് വിശദമാക്കാമോ;

(സി) ഇതിനായി പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചെന്നും ഏതൊക്കെ തസ്തികകളാണ് സൃഷ്ടിച്ചതെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 7-8-2013-ലെ സ.ഉ.(കൈ) നമ്പർ 329/2013/റവ നമ്പർ ഉത്തരവു പ്രകാരം പുതുതായി 12 താലൂക്കുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) പുതുതായി 656 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തസ്തികകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തികകളുടെ പേര്	എണ്ണം
1	തഹസിൽദാർ/അഡീഷണൽ തഹസിൽദാർ	24
2	ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്	120
3	ഹെഡ് ക്ലാർക്ക്	12
4	എൽ.ഡി./യു.ഡി. ക്ലാർക്ക്	440
5	യു.ഡി. ടൈപ്പിസ്റ്റ്	12
6	എൽ.ഡി. ടൈപ്പിസ്റ്റ്	12
7	ഡ്രൈവർ	12
8	അറ്റൻഡർ	12
9	പാർട്ട് ടൈം സ്വീപ്പർ (സ്വീപ്പിംഗ് ഏരിയ അനുസരിച്ച് മാത്രം)	12
	ആകെ	656

ഇത് കൂടാതെ 102 തസ്തികകൾ പുനർവിന്യാസംവഴി കണ്ടെത്തുകയും ചെയ്തു.

കോട്ടയം ജില്ലയിലെ റവന്യൂ അദാലത്ത്

129(3008) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഓരോ താലൂക്കുകളിലും റവന്യൂ അദാലത്തുവഴി എത്ര പരാതികൾ പരിഹരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റവന്യൂ അദാലത്തുകൾ നടത്തിയെന്ന് വിശദമാക്കുമോ;

(സി) തുടർന്നുള്ള റവന്യൂ അദാലത്തുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

GPM. 2/241/2020-24

LIBRARY ARCHIVES Kerala Legislative Assembly